പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6187 10.07.2012- ൽ മറുപടിയ്ക്ക്

## കന്നുകുട്ടി പരിപാലന പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി സംസ്ഥാനത്ത് നടപ്പാക്കാൻ ആരംഭിച്ചത് ഏത് വർഷമാണ് ; | (എ) | 1976 – ലാണ് ആദ്യമായി കേരളത്തിൽ കന്നുക്കുട്ടി പരിപാലന പരിപാടി തുടങ്ങിയത്. ഇന്നു നടപ്പിലാക്കുന്ന രീതിയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി തുടങ്ങിയത് 2001 മുതലാണ്. |
| (ബി) | ഈ പദ്ധതിയിൻ പ്രകാരം 2011-12 എന്ത് തുകയാണ് പദ്ധതി വിഹിതമായി വകയിരുത്തിയിരുന്നത്; ഇതിൽ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചു എന്നറിയിക്കുമോ; | (ബി) | ഈ പദ്ധതിയിലേക്കായി 2011-12 വർഷത്തെ ബഡ്ജറ്റിൽ 9.3 കോടി രൂപ വകയിരുത്തിയിരുന്നു. ഇത് 9.403 കോടിയായി ഉയർത്തുകയും 9.3856 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. |
| (സി) | 2011-12-ൽ ഈ പദ്ധതി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; എന്ത് ലക്ഷ്യം വകുപ്പ് കൈവരിച്ചു ? | (സി) | 2011-12-ൽ ഈ പദ്ധതി അനുസരിച്ച് 12947 പശുക്കുട്ടികളെ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും മുൻവർഷം പദ്ധതിയിൽ ചേർത്ത 36800 കുട്ടികൾക്ക് തുടർന്ന് തീററയും ശാസ്ത്രീയ പരിചരണങ്ങളും നൽകുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. ലക്ഷ്യം പൂർണ്ണമായും കൈവരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ